**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2994** **21.08.2017 ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കിയിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ കൃഷിഭവൻ മുഖേന സ്കൂൾ വിദ്യാർത്ഥികൾക്ക് 12,000 പച്ചക്കറി വിത്തുപായ്ക്കറ്റുകളും 11 കൃഷി ഭവനുകൾ വഴി 16,600 പച്ചക്കറി വിത്തു പായ്ക്കറ്റുകളും എൻ.ജി.ഒ വഴി 2,000 പച്ചക്കറി വിത്തുപായ്ക്കറ്റുകളും വിതരണം ചെയ്തു. കൂടാതെ 55,000 പച്ചക്കറി തൈകളും 100 ഗ്രോബാഗുകളും വിതരണം ചെയ്തു. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി കോതമംഗലം ബ്ലോക്ക് ഓഫീസിനോട് ചേർന്ന് പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ പ്രസ്സ് ക്ലബ്ബും കൃഷി വകുപ്പും ചേർന്ന് വെണ്ടുവഴി ഗവൺമെന്റ് സ്കൂളിൽ പച്ചക്കറി കൃഷി ആരംഭിച്ചു. |
| ബി) എന്തെല്ലാം കൃഷികളാണ് ഇതിന്റെ ഭാഗമായി മണ്ഡലത്തിൽ പ്രോത്സാഹിപ്പിക്കുന്നത്; | ബി) പയർ, വഴുതന, വെള്ളരി, പടവലം, പാവൽ, മത്തൻ തുടങ്ങി വിവിധയിനം പച്ചക്കറികളാണ് വെജിറ്റബിൾ ക്ലസ്റ്റർ വഴി ഈ പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ കൃഷി ചെയ്തു വരുന്നത്. |
| സി) ഇതിനുവേണ്ടി കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | സി) ഈ പദ്ധതി പ്രകാരം പ്രധാനമായും പച്ചക്കറി വിത്തുപായ്ക്കറ്റുകൾ, പച്ചക്കറി തൈകൾ എന്നിവ സൗജന്യമായും ഗ്രോബാഗുകൾ സൗജന്യ നിരക്കിലും ലഭ്യമാക്കുന്നു. ഇതിനു പുറമേ ആവശ്യമായ പരിശീലന പരിപാടികളും സാങ്കേതിക സഹായവും ലഭ്യമാക്കുന്നു. |

Mayal

**സെക്ഷൻ ഓഫീസർ**